'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ നഗരസഭക്ക് 2008-ൽ അനുവദിച്ച 5 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭ്യമായ തുകയിൽ ഉപയോഗശേഷം അക്കൗണ്ടിൽ ബാക്കി വന്നിട്ടുള്ള 91,90,486/- രൂപ ലൈഫ് മിഷൻ പദ്ധതിക്കായി വിനിയോഗിക്കാൻ പ്രത്യേക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

G.O.(Rt)No.2892/2019/LSGD തീയതി,തിരുവനന്തപുരം, 19/12/2019

പരാമർശം:- 1 പെരിന്തൽമണ്ണ നഗരസഭ ചെയർമാന്റെ 04/11/2019-ലെ കത്ത്

<u>ഉത്തരവ്</u>

പെരിന്തൽമണ്ണ നഗരസഭക്ക് 2008-ൽ അനുവദിച്ച 5 കേന്ദ്രാവിഷ്കൃത പദ്ധതികളിൽ (UIDSSMT Water Supply, UIDSSMT Solid Waste Management, ILCS, IHSDP 1st phase, IHSDP 2nd phase) നിർവഹണ യോഗ്യമായവയെല്ലാം നഗരസഭ 2016-ഓടെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഈ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ നഗരസഭാ അക്കൗണ്ടിൽ നൽകിയ തുകയിൽ, ടി തുക അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന കാലഘട്ടത്തിലെ പലിശയും നിർവഹണ ശേഷം ബാക്കിവന്ന തുകയും കൂടി ചേർത്ത് 91,90,486/- രൂപ നഗരസഭ അക്കൗണ്ടിൽ ഇപ്പോൾ ലഭ്യമാണെന്ന് പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ പരാമർശം(1)ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

2) മേല്പറഞ്ഞ തുക കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി തുടങ്ങിയ പ്രത്യേക അക്കൗണ്ടിൽ ആയതിനാൽ നഗരസഭയുടെ മറ്റൊരാവശ്യത്തിനും ഉപയോഗിക്കാനാവുന്നില്ല എന്നും ലൈഫ് മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവന രഹിതർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി പെരിന്തൽമണ്ണ നഗരസഭ ഏറ്റെടുത്തിട്ടുണ്ടെന്നും, നഗരസഭയുടെ ഉടമസ്ഥതയിലുള്ള 6.87 ഏക്കർ സ്ഥലത്ത് 3 നിലകളിൽ 12 ഭവനങ്ങൾ അടങ്ങുന്ന 34 അപ്പാർട് മെന്റുകൾ 400 ഓളം വരുന്ന ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്കായി നിർമ്മിച്ചു വരികയാണെന്നും അതിനാൽ ഉപയോഗശേഷം അക്കൗണ്ടിൽ അവശേഷിക്കുന്ന ടി 91,90,486/- രൂപ ലൈഫ് മിഷൻ പദ്ധതിക്ക് വിനിയോഗിക്കാൻ അനുമതി

നൽകണമെന്ന് പെരിന്തൽമണ്ണ നഗരസഭ ചെയർമാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിയുടെ പൂർത്തീകരണത്തിനായി കൂടുതൽ തുക കണ്ടെത്തേണ്ടത് അനിവാര്യമായതിനാൽ പെരിന്തൽമണ്ണ നഗരസഭക്ക് 2008-ൽ അനുവദിച്ച 5 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭ്യമായ തുകയിൽ ഉപയോഗശേഷം അക്കൗണ്ടിൽ ബാക്കി വന്നിട്ടുള്ള 91,90,486/- രൂപ, **വ്യയനിയന്ത്രണങ്ങൾ പൂർണമായും പാലിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി**, ലൈഫ് മിഷൻ പദ്ധതിക്കായി വിനിയോഗിക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

ചെയർമാൻ, പെരിന്തൽമണ്ണ നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2019.12.20 [illegible]:44:05 IST
Reason: Approved
സെക്ഷൻ ഓഫീസർ